**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 177** **21-06-2024 - ൽ മറുപടിയ്ക്ക്**

**റേഷൻ കാർഡ് മുൻഗണനാ പട്ടിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അർഹമായ അപേക്ഷകളിൽ റേഷൻ കാർഡുകൾ അനുവദിക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. പുതിയ കാർഡിനും കാർഡ് തരം മാറ്റലിനുമായി ആവശ്യമായ രേഖകൾ സഹിതം അക്ഷയ സെന്ററുകൾ മുഖേനയോ സിറ്റിസൺ ലോഗിൻ മുഖേനയോ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഫീൽഡ് പരിശോധന ആവശ്യമില്ലാത്തവയിൽ 24 മണിക്കൂറിനുള്ളിൽ പുതിയ കാർഡ് അനുവദിക്കുന്നു. അപേക്ഷകൾ സമർപ്പിക്കുന്നത് സംബന്ധിച്ച് ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെ പൊതുജനങ്ങൾക്ക് യഥാസമയം അറിയിപ്പ് നൽകുന്നു.<br><br>പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ അർഹരെ ഉൾപ്പെടുത്താനാകു എന്നതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നതോടൊപ്പം തരം മാറ്റലിനായി ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് അർഹരായവരെ പട്ടികയിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് മുൻഗണനയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം **ആകെ 4,60,956 കാർഡുകൾ** പുതുതായി അനുവദിച്ചിട്ടുണ്ട്.<br><br>മുൻഗണന - 1,04,237<br><br>പൊതുവിഭാഗം സബ്സിഡി - 3,48,927<br><br>പൊതുവിഭാഗം നോൺ  സബ്സിഡി - 7,792<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ **ആകെ 4,22,215 കാർഡുകൾ** തരം മാറ്റി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | എ.എ.വൈ - 42,905<br><br>മുൻഗണന - 3,79,310 |
| (ബി) | മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനായി താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. സംസ്ഥാനത്ത് കുറ്റമറ്റ രീതിയിൽ മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിന്റെ ഭാഗമായി, ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടു വരാത്ത പൊതുവിഭാഗം കാർഡുകൾ മുൻഗണനയിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷകൾ ഓൺലൈൻ മുഖേന സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ഓൺലൈൻ മുഖേന ലഭ്യമാകുന്ന അപേക്ഷകൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിയും ആവശ്യമെങ്കിൽ ഫീൽഡ് പരിശോധന നടത്തിയും മുപ്പതോ അതിലധികമോ മാർക്ക് ലഭിക്കുന്നവരെ മാർക്കിന്റെ അടിസ്ഥാനത്തിൽ സപ്ലിമെന്ററി പട്ടികയിൽ ഉൾപ്പെടുത്തി മുൻഗണനാ പട്ടിക തയ്യാറാക്കുകയും പരിശോധനയ്ക്ക് വിധേയമാക്കി അംഗീകരിച്ച് മുൻഗണനാ പട്ടിക തയ്യാറാക്കുകയും ചെയ്യുന്നു. പട്ടിക പ്രസിദ്ധീകരിച്ച ശേഷം ഓരോ താലൂക്കിനുമുള്ള ഒഴിവുകൾ അലോട്ട് ചെയ്യുന്ന മുറയ്ക്ക് റാങ്ക് ലിസ്റ്റിലെ സീനിയോറിറ്റി പ്രകാരം കാർഡുകൾ സമയബന്ധിതമായി മുൻഗണനയിലേക്ക് തരം മാറ്റി നൽകുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ **ആകെ 4,22,215 കാർഡുകൾ** തരം മാറ്റി നൽകിയിട്ടുണ്ട്.<br><br>എ.എ.വൈ - 42,905<br><br>മുൻഗണന - 3,79,310<br><br>കൂടാതെ **19,817 കാർഡുകൾ** മുൻഗണനയിലേക്ക് മാറ്റുന്നതിന് അനുമതി നൽകിയിട്ടുമുണ്ട്. |
| (സി) | മാരക രോഗം ബാധിച്ചവർ, ഭിന്നശേഷിക്കാർ, ഓട്ടിസം ബാധിച്ച കുട്ടികൾ, മറ്റ് അവശത അനുഭവിക്കുന്നവർ എന്നിവർ ഉൾപ്പെടുന്ന കുടുംബങ്ങൾക്ക് മുൻഗണനാ കാർഡ് നൽകുന്നതിന് പ്രത്യേക പരിഗണന നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. 18.09.2017 ലെ സ.ഉ(സാധാ)നം. 320/2017/ ഭ.പൊ.വി.വ പ്രകാരമുള്ള ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടു വരാത്ത, ഗുരുതര ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾ അടങ്ങുന്ന കുടുംബങ്ങളുടെ കാർഡുകൾ പരിശോധിച്ച് മുൻഗണനയിലേക്ക് മാറ്റുന്നുണ്ട്. ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടു വരുന്ന കുടുംബങ്ങളിൽ ആർക്കെങ്കിലും ഗുരുതര ശാരീരിക/ മാനസിക വെല്ലുവിളികൾ ഉണ്ടെങ്കിലോ അടിയന്തിര ശസ്ത്രക്രിയ ആവശ്യമെങ്കിലോ അപ്രകാരമുള്ള ഓരോ കേസിന്റെയും മെരിറ്റ് പരിശോധിച്ച് അർഹതയുള്ള പക്ഷം, ചികിത്സാർത്ഥം ടി കുടുംബത്തിന്റെ റേഷൻകാർഡ് മുൻഗണനയിലേക്ക് മാറ്റുന്നതിന് 27.10.2020 ലെ സ.ഉ(സാധാ)നം.319/2020/ |

| | | | |
|---|---|---|---|
| | | | ഭ.പൊ.വി.വ പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതുപ്രകാരം എല്ലാ മാസവും, ചികിത്സാർത്ഥം ഗുരുതര രോഗമുള്ളവർ ഉൾപ്പെടുന്ന റേഷൻകാർഡ് തരംമാറ്റുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് യോഗ്യരായവരുടെ കാർഡുകൾ മുൻഗണനയിലേക്ക് മാറ്റി വരുന്നു. |

സെക്ഷൻ ഓഫീസർ